**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5689** **08-11-2021 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ പ്രാദേശിക-ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അഗ്രിക്കൾച്ചറൽ പ്രൊസസ്സിംഗ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ പ്രാദേശിക-ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അഗ്രിക്കൾച്ചറൽ പ്രൊസസ്സിംഗ് യൂണിറ്റ് ആരംഭിക്കാൻ സാധിക്കുമോ എന്ന് അറിയിക്കാമോ; എങ്കിൽ ആയതിനുള്ള നിബന്ധനകൾ വ്യക്തമാക്കാമോ; | (എ) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി) നം.161/2017/ധന ഉത്തരവ് പ്രകാരവും നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ(അച്ചടി) നം.119/2018/ധന ഉത്തരവ് പ്രകാരവും അഗ്രിക്കൾച്ചറൽ പ്രൊസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നത് അനുവദനീയമല്ല. |
| (ബി) | ഇത്തരം യൂണിറ്റുകൾ കാർഷിക സർവ്വകലാശാലയിലോ, കാർഷിക വകുപ്പിന് കീഴിലോ ആരംഭിക്കുന്നതിന് എം.എൽ.എ പ്രാദേശിക-ആസ്തി വികസന ഫണ്ട് ഉപയോഗിക്കുവാൻ സാധിക്കുമോ എന്ന് അറിയിക്കാമോ? | (ബി) | ഇത്തരം യൂണിറ്റുകൾ കാർഷിക സർവ്വകലാശാലയിലോ, കാർഷിക വകുപ്പിന് കീഴിലോ ആരംഭിക്കുന്നതിന് എം.എൽ.എ പ്രാദേശിക-ആസ്തി വികസന ഫണ്ട് ഉപയോഗിക്കുവാൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ